## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5257**

**05.07.2012 ൽ മറുപടിയ്ക്ക്**

### പുന്നപ്ര സഹകരണ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പുന്നപ്ര സഹകരണ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പിരിച്ചുവിടാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ; | (എ) ഉണ്ട്. ബാങ്കിന്റെ ഭരണ സമിതിയംഗമായ ശ്രീ. കെ. പി. സത്യകീർത്തി ഭരണസമിതി യംഗസ്ഥാനത്തു നിന്നും രാജിവെച്ചു കൂടാതെ ടിയാനും രണ്ടു ഭരണസമിതിയംഗങ്ങളായ ശ്രീ. കെ. ആർ. ചന്ദ്രൻപിള്ള, ശ്രീ. ലക്ഷ്മണൻ എന്നിവർ കേരള സഹകരണ നിയമം ചട്ടം 44(1) സി(1) പ്രകാരം അയോഗ്യരായതിനാലും ഭരണസമിതി യംഗമായ ശ്രീ. രാജൻ മതിയായ കാരണം കൂടാതെ തുടർച്ചയായി ഏഴ് ഭരണ സമിതിയോഗങ്ങളിൽ പങ്കെടുക്കാതിരുന്നതി നാൽ സംഘം ബൈലാ വ്യവസ്ഥ 37 (ബി) 7 പ്രകാരം അയോഗ്യനായതിനാലും ടിയാന്മാർക്ക് ടി ബാങ്ക് ഭരണസമിതിയിൽ തുടരുന്നതിന് അർഹതയില്ലെന്ന് കണ്ടതി നാലും 7 ഭരണസമിതിയംഗങ്ങളിൽ 4 ഭരണസമിതിയംഗങ്ങളും അയോഗ്യരായ സ്ഥിതിക്ക് സംഘത്തിന്റെ ക്വാറം നഷ്ടപ്പെടുകയും ചെയ്തു സാഹചര്യത്തിൽ സംഘത്തിൽ ഭരണസ്തംഭനം ഒഴിവാക്കുന്ന തിനുവേണ്ടി സഹകരണ നിയമം വകുപ്പ് 33 (1) പ്രകാരം ഭരണസമിതിക്കു പകരമായി തൽസ്ഥാനത്തേയ്ക്ക് ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) യുടെ 08.02.2012 ലെ 6581/2011 നമ്പർ ഉത്തരവ് പ്രകാരം അമ്പലപ്പുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) |

| | | | |
|---|---|---|---|
| | | | ഓഫീസിലെ അമ്പലപ്പുഴ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ പാർട്ട്-ടൈം അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. സംഘത്തിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണം നടത്തുന്നത്. |
| (ബി) | സഹകരണ നിയമങ്ങൾക്ക് വിരുദ്ധമായാണ് ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പിരിച്ചുവിടൽ സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇതു സംബന്ധിച്ച് കേസുകളൊന്നും ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന WP(C) 3774/2012 നമ്പർ ഹർജി ഡിസ്മിസ് ചെയ്ത് 04.04.2012 ൽ ബഹു.ഹൈക്കോടതി ഉത്തരവായി. |
| (ഡി) | പ്രസ്തുത ബാങ്കിന്റെ 2012 മേയ് 31 വരെയുള്ള ടെന്റേറ്റീവ് ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ? | (ഡി) | സംഘത്തിന്റെ 31.05.2012 ലെ താൽക്കാലിക ആസ്തി/ബാധ്യതാ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

(2)

Punnapra Service Co-operative Bank Ltd.No:181 Attention of CP(2) Section

Balance Sheet as on 31.5.2012

| Liabilities | Amount Rs | Ps | Assets | Amount Rs | Ps |
|---|---|---|---|---|---|
| Share | 624 824 | 50 | Cash Balance | 20137 | 74 |
| Deposit | 1293 896 | 00 | Bank Balance | 1527520 | 58 |
| Borrowings (DCB) | 22 07 498 | 00 | Chitty Security | 173000 | 00 |
| Kerala State Development Welfare fund Board | 50,00,000 | 00 | Loans & Advance | 1639 341 | 00 |
| Government Loan | 85000 | 00 | Share (Other Institutions) | 147 510 | 00 |
| Statutory Reserve | 64 502 | 00 | Land & Building | 66 145 | 00 |
| Payable Interest | 8214 | 00 | Provident fund | 238 581 | 00 |
| Chitty | 17 750 | 00 | Welfare fund | 22 650 | 00 |
| Reserve fund | 15734 | 71 | Security deposit | 14 750 | 00 |
| Undistributed Dividend | 8681 | 90 | SPL BDR | 12001 | 00 |
| Provident fund | 263 299 | 00 | Reserve fund | 15734 | 71 |
| Welfare fund | 40650 | 00 | Receivable Interest | 249 200 | 00 |
| Other Liability | 26000 | 00 | K.S.D.W. Fund Board | 3916 | 00 |
| Advance (Bestside) | 4 22 890 | 00 | Stock Balance | 222 674 | 95 |
| Consumer fed Advance | 1391 715 | 85 | Net Loss | 72 77 573 | 48 |
| Government dues | 160050 | 00 | | | |
| Total | 11630705 | 46 | Total | 11630705 | 46 |

PUNNAPRA SERVICE CO-OP. BANK LTD. No. 181 PUNNAPRA P.O.

For Punnapra Service Co-op. Bank Ltd. No.181

Secretary i/c